കൾ ഉണ്ടാക്കി വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾ സത്വരം കണ്ടെത്തുന്നതിനുള്ള മോഡസ് ഓപ്പറാന്റി ബ്യൂറോ പ്രവർത്തിച്ചു വരുന്നുണ്ട്. ത്വരിതഗതിയിൽ ഫിംഗർ പ്രിന്റ് താരതമ്യ പഠനം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ ട്രേസിംഗ് സിസ്റ്റം (ഫാക്ട്സ്) എന്ന അത്യാധുനിക കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പോൾനെറ്റ്' എന്ന സാറ്റലൈറ്റ് വാർത്താ വിനിമയ സംവിധാനം സംസ്ഥാന പോലീസിൽ ഏർപ്പെടുത്താൻ പദ്ധതിയുണ്ട്.

(സി) സംസ്ഥാന പോലീസിൽ എല്ലാ ജില്ലാ എസ്.പി.മാർക്കും, സിറ്റി പോലീസ് കമ്മീഷണർമാർക്കും ബന്ധപ്പെട്ട ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും മൊബൈൽ ഫോൺ നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ കമ്പ്യൂട്ടർവൽകൃത വിരലടയാള തിരിച്ചറിയൽ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

പോലീസിന്റെ പ്രവർത്തനങ്ങളിൽ പൊതുജന സഹകരണം

35 (746) ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ പൊതുജന സഹകരണം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ബി) ഉണ്ട്. പോലീസിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ പൊതുജനസഹകരണം ഉറപ്പാക്കുന്നതിനുവേണ്ടി പൊതുജനങ്ങളേയും പോലീസ് ഉദ്യോഗസ്ഥന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ വിഷയങ്ങളിൽ ചർച്ചാക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. 1998-ലും 1999-ലും നവംബർ മാസം കുറ്റകൃത്യനിവാരണ മാസമായി ആചരിച്ചു. കൂടാതെ പോലീസ് പ്രവർത്തനങ്ങളിൽ പൊതുജന സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'അറിയുക-അറിയിക്കുക' (know and inform programme) എന്ന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് പൊതുജനങ്ങൾ സഹകരിക്കുകയും പോലീസിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനു പുറമെ പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് ബഹു:മുഖ്യമന്ത്രി പോലീസ് സേനയ്ക്ക് നൽകിയ 10 നിർദ്ദേശങ്ങൾ പാലിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly